പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3304 19.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.യിലെ കൂട്ട സ്ഥലംമാറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരെ കൂട്ടത്തോടെ സ്ഥലം മാറ്റിയത് ട്രാൻസ്പോർട്ട് മാന്വലിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുസരിച്ചിട്ടല്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പരാതി ലഭിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലും മറ്റും യോഗം ചേരലും ധർണയും പ്രകടനങ്ങളും നിരോധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി ചീഫ് ഓഫീസിലും മറ്റ് യൂണിറ്റ് ഓഫീസുകളിലും നടത്തുന്ന പ്രകടനം, മൈക്ക് ഉപയോഗിച്ചുള്ള യോഗം ചേരൽ, ധർണ്ണ എന്നിവ ഒഴിവാക്കണമെന്ന് കോർപ്പറേഷനിലെ എല്ലാ സംഘടനകൾക്കും, ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ നിയമ വിരുദ്ധമായി വിവിധ സംഘടനകളും, വ്യക്തികളും നടത്തുന്ന പ്രകടനങ്ങളും, യോഗങ്ങളും ഓഫീസ് പ്രവർത്തനങ്ങളെയും, സർവ്വീസ് ഓപ്പറേഷനേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടതിന്റെയും, ടി യോഗങ്ങൾ യാത്രാക്കാർക്ക് വലിയ അസൗകര്യങ്ങൾ ഉണ്ടാക്കുകയും യാത്രക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യുതിന്റെയും അടിസ്ഥാനത്തിലാണ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**